(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിന് 5,377 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 1343 കുഴൽ കിണറുകൾ വകുപ്പു നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ഭൂഗർഭ ജലവകുപ്പിൽ തസ്തികമാറ്റം/പ്രമോഷൻ വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം

76 (968) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലവകുപ്പിൽ നാളിതുവരെ ജിയോളജിക്കൽ അസിസ്റ്റന്റിൽ നിന്നും തസ്തികമാറ്റം/പ്രൊമോഷൻ വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം ലഭിച്ച എത്രപേരുണ്ട് ; അവരുടെ പേരും ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി ഉദ്യോഗക്കയറ്റം നൽകിയ തീയതിയും പട്ടിക തിരിച്ചു വിശദമാക്കുമോ ;

(ബി) ഭൂഗർഭജലവകുപ്പിൽ 1990 ജനുവരി 1-ന് ശേഷം നാളിതുവരെ പി. എസ്. സി. വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം ലഭിച്ചവരുടെ പേരും നിയമനം നൽകിയ തീയതിയും പട്ടികതിരിച്ച് വ്യക്തമാക്കുമോ ;

(സി) 1990 ജനുവരി 1-നുശേഷം പി. എസ്. സി. വഴി പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചവരിൽ എത്രപേർ ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയിട്ടുണ്ട് ; അവരുടെ പേരും പിരിഞ്ഞുപോയ തീയതിയും വ്യക്തമാക്കുമോ ;

(ഡി) 2002 ജൂലായ് മാസത്തിൽ ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയ ശ്രീ. എം. എസ്. രാജ്കുമാർ, ശ്രീ. എം. കെ. മനോജ് എന്നിവർക്ക് പകരമായി ഇപ്പോൾ നിലവിലുള്ള പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഇ) പി. എസ്. സി. യിൽ നിന്നും ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി നിയമനം ലഭിച്ചശേഷം ഭൂഗർഭ ജലവകുപ്പിൽ നിന്നും പിരിഞ്ഞുപോയവർക്ക് പകരമായി അപ്പോൾ നിലവിലുണ്ടായിരുന്ന പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയവരുടെ പേരും തീയതിയും അവർക്ക് പകരമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ട് നിയമനം നടത്തിയവരുടെ പേരും തീയതിയും വെളിപ്പെടുത്തുമോ ;

(എഫ്) 2003 മാർച്ച് മാസം ഈ വകുപ്പിൽനിന്നും പെൻഷൻ പറ്റിയ ശ്രീ. കെ. കരുണാകരന് പകരമായി നിലവിലുള്ള പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) 1990 നുശേഷം പി. എസ്. സി. യിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി നിയമനം ലഭിച്ച എത്ര പേർ ഈ വകുപ്പിൽ ജോലി ചെയ്യുന്നുണ്ട് ; അവരുടെ പേരുവിവരവും നിയമന തീയതിയും വെളിപ്പെടുത്തുമോ ; ഇപ്രകാരം നിയമനം ലഭിച്ചവരെ പി. എസ്. സി. വഴി നിയമനം ലഭിച്ചവരുടെ വിഭാഗത്തിലോ തസ്തികമാറ്റം/ പ്രൊമോഷൻ വഴിയുള്ള വിഭാഗത്തിലോ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വിഭാഗത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഭൂഗർഭവകുപ്പിൽ ഡെപ്യൂട്ടേഷൻ പോസ്റ്റ് ഉൾപ്പെടെ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി ജോലി നോക്കുന്നവരിൽ പ്രൊമോഷൻ/തസ്തിക മാറ്റം വഴി നിയമനം ലഭിച്ചവരിൽ എത്രപേരുണ്ട് ; പ്രസ്തുത തസ്തികയിൽ പി. എസ്. സി. വഴി നിയമനം നേടിയ എത്രപേർ ഈ വകുപ്പിൽ ജോലി നോക്കുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു വിഭാഗത്തിലുമായി ഇപ്പോൾ ജോലി നോക്കുന്നവരുടെ അനുപാതം ജി. ഒ. (പി) നം. 32/93/ഐ. ആർ. ഡി. തീയതി. 30 ജൂലായ് 1993 (എസ്. ആർ. ഒ. നം. 1231/93) അനുസരിച്ചുള്ള 1:1 എന്ന അനുപാതം പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ അനുപാതം പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) 1990 ജനുവരി 1 മുതൽ 2003 മാർച്ച് 31 വരെയുള്ള കാലയളവിൽ പെൻഷനായവർക്ക് പകരം പി. എസ്. സി. യിൽ നിന്നും ഈ വകുപ്പിൻമേൽ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ പേരും നിയമനം നടത്തിയ തീയതിയും വെളിപ്പെടുത്തുമോ ;

(ജെ) ഈ വകുപ്പിൻകീഴിൽ ഉള്ള ഹൈഡ്രോളജി പ്രോജക്ടിൽ എത്ര ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റുകൾ ജോലി നോക്കുന്നുണ്ട് ; അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(കെ) ഈ വകുപ്പിൽ ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റിന്റെ ഒഴിവുകൾ നിലവിലുണ്ടോ ; പുതിയ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനും മുമ്പ് നികത്താൻ വേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇപ്രകാരം 40 പേരുണ്ട്. അവരുടെ പേരും ഉദ്യോഗക്കയറ്റം നൽകിയ തീയതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി)

പേര്	നിയമനം നൽകിയ തീയതി
1. ആൻസി ജോസഫ്	7-5-1993
2. എ.ജി. ഗോപകുമാർ	29-11-1993 (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
3. ദിലീപ്കുമാർ പി. ജി	1-12-1993 (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
4. തോമസ് സ്കറിയ	31-5-1995
5. എ. കെ. മനോജ്	24-10-2001
6. എം. എസ്. രാജ്കുമാർ	24-10-2003

(സി) മൂന്ന് പേർ.

പേര്	പിരിഞ്ഞുപോയ തീയതി
1. എ. കെ. മനോജ്	18-7-2002
2. എം. എസ്. രാജ്കുമാർ	15-7-2002
3. ദിലീപ്കുമാർ. പി. ജി	13-10-2000

(ഡി) ഇവർക്കു പകരം പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടില്ല. സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ഇ) പി. എസ്. സി. മുഖേന ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി നിയമനം ലഭിച്ചശേഷം വകുപ്പിൽ നിന്നും പിരിഞ്ഞുപോയവർക്ക് പകരം അപ്പോൾ നിലവിലുണ്ടായിരുന്ന പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടില്ല. വകുപ്പിൽ നിന്നും പിരിഞ്ഞുപോയവരുടെ പേരും തീയതിയും ഇപ്രകാരമാണ്.

പേര്	പിരിഞ്ഞുപോയ തീയതി
1. എ. കെ. മനോജ്	18-7-2002
2. എം. എസ്. ദിലീപ്കുമാർ	15-7-2002
3. ദിലീപ്കുമാർ. പി. ജി	13-10-2000

(എഫ്) ശ്രീ. കെ. കരുണാകരൻ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിൽ നിന്നുമാണ് വിരമിച്ചത്. അതിനാൽ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റിന്റെ പി. എസ്. സി. ലിസ്റ്റിൽ നിന്നും ടി തസ്തികയിലേയ്ക്ക് നിയമനം നടത്താനാവില്ല.

(ജി) രണ്ടു പേർ

പേര്	നിയമന രീതി
1. എ. ജി. ഗോപകുമാർ	29-11-1993
2. ദിലീപ്കുമാർ. പി. ജി.	1-12-1993

LIBRARY ARCHIVES Kerala Legislative Assembly

ഇവരെ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായ സ്ഥിരം ഒഴിവിൽ പി. എസ്. സി. വഴി നിയമനം ലഭിച്ചവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(എച്ച്) വകുപ്പിൽ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം/തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരായി 14 പേരുണ്ട്. നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരായി മൂന്നുപേരുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം നിയമനങ്ങളിൽ പാലിക്കുവാനുള്ള നിർദ്ദേശം ഭൂജലവകുപ്പു ഡയറക്ടർക്ക് നൽകുന്നതാണ്.

(ഐ) ടി കാലയളവിൽ പി. എസ്. സി. മുഖാന്തിരം നിയമനം ലഭിച്ചവരുടെ പേരുവിവരം (ബി) വിഭാഗത്തിന്റെ ഉത്തരമായി നൽകിയിട്ടുണ്ട്.

(ജെ) ഹൈഡ്രോളജി പ്രോജക്ടിൽ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റുകൾ ആരും തന്നെ ഇല്ല.

(കെ) ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെയില്ല. ഒഴിവുകൾ ഉണ്ടാവുമ്പോൾ മാത്രമേ പി. എസ്. സി. വഴിയുള്ള നിയമനം പരിഗണിക്കാൻ കഴിയൂ.

സ്വജൽധാര, ജലനിധി പദ്ധതികൾ

77 (969) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വജൽധാര, ജലനിധി പദ്ധതികൾ എത്ര പഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന കാര്യം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി അപേക്ഷിക്കാത്ത എത്ര പഞ്ചായത്തുകളും നഗരസഭകളുമുണ്ട് ;

(സി) രണ്ട് പദ്ധതികളും ഒരുമിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടാവുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം നാളിതുവരെ 148 ഗ്രാമപഞ്ചായത്തുകളിലും 2 ബ്ലോക്ക് പഞ്ചായത്തുകളിലുമായി 554 പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതിൽ 22 ഗ്രാമപഞ്ചായത്തുകളിലെ 120 പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly